**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 361** **23-06-2026-ൽ മറുപടിയ്ക്ക്**

**മാരായമുട്ടം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** മാരായമുട്ടം പോലീസ് സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിച്ച് വരുന്നത് ; എങ്കിൽ പുതിയ സ്ഥിരം മന്ദിരം നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

**മറുപടി:** നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പെരുങ്കടവിള വില്ലേജിൽ സർവ്വേ നം. 645/2 -ൽ പെട്ടതും നിലവിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഉടമസ്ഥതയിലുമുള്ള സ്ഥലത്തിന്റെ നിലവിലെ കുടിശ്ശികയായ 11,07,823/- രൂപാ അടവാക്കി പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് ടി തുക 4055-00-207-92-15 Purchase of Land for Construction Activities എന്ന ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പോലീസ് ആസ്ഥാനത്തു നിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

**(ബി)** പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി, ധനുവച്ചപുരം പ്രദേശങ്ങളിൽ ജനസുരക്ഷയും നിയമ സമാധാന പരിപാലനവും ശക്തിപ്പെടുത്തുന്നതിനായി പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളും തുടർ നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**മറുപടി:** പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(സി)** പാറശ്ശാല നിയോജക മണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിലും ഗ്രാമീണ മേഖലകളിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ, ലഹരി വസ്തു കടത്ത്, രാത്രികാല സുരക്ഷാ പ്രശ്നങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ അധിക പോലീസ് സേനയും വാഹന സൗകര്യങ്ങളും അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

**മറുപടി:** പാറശാല നിയോജക മണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിലും, ഗ്രാമീണ മേഖലകളിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ, ലഹരി വസ്തു കടത്ത്, രാത്രികാല സുരക്ഷാ പ്രശ്നങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി നിലവിലുള്ള അംഗസംഖ്യ കൊണ്ട് പോലീസ്

പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതാണ്. ടി പോലീസ് സ്റ്റേഷനിൽ നിലവിലുള്ള വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്.

**(ഡി)** പാറശ്ശാല നിയോജക മണ്ഡലത്തിലെ ജനസാന്ദ്രതയും ഗതാഗത സാന്ദ്രതയും കൂടുതലുള്ള പ്രദേശങ്ങളിൽ പൊതു സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.ടി.വി. നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതിനും സംസ്ഥാനതല പദ്ധതികളിൽ ഉൾപ്പെടുത്തി പ്രത്യേക നടപടി സ്വീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**മറുപടി:** പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**